**കേരള സർക്കാർ**

**ധനകാര്യ (പേ റിവിഷൻ സെൽ-ഡി) വകുപ്പ്**

**<u>സർക്കുലർ</u>**

**നം.23/2018/ധന** **തിരുവനന്തപുരം, തീയതി 31.03.2018**

**വിഷയം** : യൂണിവേഴ്സിറ്റി ജീവനക്കാരുടെ ശമ്പള പരിഷ്കരണം 2014 - അപാകതകൾ പരിഹരിക്കുന്നത് - സംബന്ധിച്ച്.

**സൂചന** : 1. 20.01.2016 - ലെ സ.ഉ(അച്ചടി)നം. 7/2016/ധന
2. 21/01/2016 - ലെ സ.ഉ(അച്ചടി)നം. 10/2016/ധന
3. 19/01/2018 - ലെ സർക്കുലർ നമ്പർ 7/2018/ധന

പരാമർശം 1 ലെ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളവും അലവൻസുകളും 01.07.2014 പ്രാബല്യത്തിൽ പരിഷ്കരിച്ച് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പരാമർശം 2 - ലെ സർക്കാർ ഉത്തരവ് പ്രകാരം സർവ്വകലാശാല ജീവനക്കാരുടെ ശമ്പളവും അലവൻസുകളും 01.07.2014 പ്രാബല്യത്തിൽ പരിഷ്കരിച്ച് ഉത്തരവായിരുന്നു. സാമ്പത്തിക അച്ചടക്കം പാലിച്ച് പദ്ധതിയേതര ചെലവ് നിയന്ത്രിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി സർക്കാർ ജീവനക്കാരുടെ ശമ്പള സ്കെയിലും അലവൻസുകളും വർദ്ധിപ്പിക്കുന്നതിനും ഉയർന്ന അനുപാതത്തിൽ റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നതിനും നൽകിയിട്ടുള്ള പരാതികളും ഭരണ വകുപ്പ് നിർദ്ദേശങ്ങളും അടുത്ത ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിക്കുമ്പോൾ ടി കമ്മീഷന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണെന്നും ഭരണ വകുപ്പുകൾ ഇത്തരത്തിലുള്ള ശുപാർശകൾ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് ഇനി മുതൽ അയയ്ക്കേണ്ടതില്ല എന്നും പരാമർശം 3 പ്രകാരം ഉത്തരവാകുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ സർവ്വകലാശാല ജീവനക്കാരുടെ 2014 ശമ്പള പരിഷ്കരണത്തിൽ ശമ്പള സ്കെയിലും അലവൻസും വർദ്ധിപ്പിക്കുന്നതിനും ഉയർന്ന

അനുപാതത്തിൽ റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നതിനുള്ള പരാതികളും ഭരണ വകുപ്പ് നിർദ്ദേശങ്ങളും അടുത്ത ശമ്പള കമ്മീഷനെ നിയമിക്കുമ്പോൾ ടി കമ്മീഷന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണ്. ഭരണ വകുപ്പുകൾ ഇത്തരത്തിലുള്ള ശുപാർശകൾ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് ഇനി മുതൽ അയയ്ക്കേണ്ടതില്ല.

**ലതി.എസ്**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ജി &എസ്സ്.എസ്സ്.എ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്സ്) കേരള, തിരുവനന്തപുരം.

ഗവർണ്ണറുടെ സെക്രട്ടറി.

സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.

ഉന്നതവിദ്യാഭ്യാസ (ബി) വകുപ്പ്.

രജിസ്ട്രാർ, കേരള സർവ്വകലാശാല.

രജിസ്ട്രാർ, ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി.

രജിസ്ട്രാർ, കാലിക്കറ്റ് സർവ്വകലാശാല.

രജിസ്ട്രാർ, മഹാത്മാഗാന്ധി സർവ്വകലാശാല.

രജിസ്ട്രാർ, കണ്ണൂർ സർവ്വകലാശാല.

രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല.

രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല.

രജിസ്ട്രാർ, കേരള ആരോഗ്യ സർവ്വകലാശാല.

രജിസ്ട്രാർ, കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല.

രജിസ്ട്രാർ, കേരള വെറ്റിനറി & അനിമൽ സയൻസ് സർവ്വകലാശാല.

നോഡൽ ഓഫീസർ, www.finance.kerala.gov.in

വെബ് & ന്യൂ മീഡിയ, വിവരവും പൊതുജന സമ്പർക്കവും വകുപ്പ്.

കരുതൽ ഫയൽ, ഓഫീസ് കോപ്പി (ഇ - 738974).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ